**മധുരമായ കുട്ടികളേ, സദാ സന്തോഷത്തിലിരിക്കുകയാണെങ്കിൽ ഓർമ്മയുടെ യാത്ര സഹജമായിത്തീരും, ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് 21 ജന്മത്തേയ്ക്ക് പുണ്യാത്മാവായി മാറുന്നത്.**

**ചോദ്യം:** നിങ്ങളുടെ ഏറ്റവും നല്ല സേവകൻ അഥവാ അടിമ ആരാണ്?
**ഉത്തരം:** പ്രകൃതി ക്ഷോഭങ്ങളും സയൻസിന്റെ കണ്ടുപിടിത്തങ്ങളും, ഇവയിലൂടെ മുഴുവൻ വിശ്വത്തിലുമുള്ള അഴുക്ക് ശുദ്ധമാകുന്നു. ശുദ്ധമാക്കുന്നതിൽ സഹായിക്കുന്ന ഇവയൊക്കെയാണ് നിങ്ങളുടെ ഏറ്റവും നല്ല സേവകർ അഥവാ അടിമകൾ. മുഴുവൻ പ്രകൃതിയും നിങ്ങളുടെ അധീനതയിലായിരിക്കും.

**ഓംശാന്തി.** മധുര-മധുരമായ ആത്മീയ കുട്ടികൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? യുദ്ധ മൈതാനത്തിൽ നില്ക്കുകയാണ്. നില്ക്കുകയല്ലല്ലോ നിങ്ങൾ ഇരിക്കുകയല്ലേ. നിങ്ങളുടേത് എത്ര നല്ല സേനയാണ്. ഇതിനെ ആത്മീയ അച്ഛന്റെ ആത്മീയ സേനയെന്നാണ് പറയുന്നത്. ആത്മീയ അച്ഛനെ ഓർമ്മിച്ച് രാവണനെ ജയിക്കുവാനുള്ള എത്ര സഹജമായ പുരുഷാർത്ഥമാണ് ചെയ്യിക്കുന്നത്. ഗുപ്തമായ യോദ്ധാക്കൾ അല്ലെങ്കിൽ ഗുപ്തമായ മഹാവീരന്മാർ എന്നാണ് നിങ്ങളെ പറയുന്നത്. 5 വികാരങ്ങളെ നിങ്ങൾ ജയിക്കുകയാണ്, അതിലും ദേഹാഭിമാനമാണ് ആദ്യത്തേത്. വിശ്വത്തെ ജയിക്കുവാൻ വേണ്ടിയുള്ള അഥവാ വിശ്വത്തിൽ ശാന്തി സ്ഥാപിക്കുവാൻ വേണ്ടിയുള്ള എത്ര സഹജമായ യുക്തിയാണ് ബാബ പറഞ്ഞു തരുന്നത്. നിങ്ങൾ കുട്ടികൾ അല്ലാതെ ഇത് മറ്റാരും അറിയുന്നില്ല. വിശ്വത്തിൽ ശാന്തിയുടെ രാജ്യം നിങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ അശാന്തിയുടെയോ ദുഃഖത്തിന്റെയോ രോഗത്തിന്റെയോ പേരോ അടയാളമോ ഉണ്ടായിരിക്കില്ല. ഈ പഠിപ്പ് നിങ്ങളെ പുതിയ ലോകത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ബാബ പറയുന്നു - മധുര മധുരമായ കുട്ടികളേ, കാമ വികാരത്തെ ജയിക്കുന്നതിലൂടെ നിങ്ങൾ 21 ജന്മത്തേയ്ക്ക് ജഗത്ജിത്തായി മാറുന്നു. ഇത് വളരെ സഹജമാണ്. നിങ്ങൾ ശിവബാബയുടെ ആത്മീയ സേനയാണ്. രാമന്റെയോ കൃഷ്ണന്റെയോ കാര്യമല്ല. പരംപിതാ പരമാത്മാവിനെയാണ് രാമൻ എന്ന് പറയുന്നത്. അവർ രാമന്റെ സേനയെ കാണിക്കുന്നുണ്ട്. എന്നാൽ അതെല്ലാം തെറ്റാണ്. ജ്ഞാന സൂര്യൻ ഉദിച്ചപ്പോൾ അജ്ഞാനമാകുന്ന അന്ധകാരം ഇല്ലാതായി എന്ന് പാടാറുണ്ട്. കലിയുഗം ഘോരാന്ധകാരമാണ്. എത്രമാത്രം വഴക്കും ലഹളകളുമാണ്. സത്യയുഗത്തിൽ ഇങ്ങനെയൊന്നും സംഭവിക്കില്ല. നോക്കൂ, എങ്ങനെയാണ് നിങ്ങളുടെ രാജ്യം സ്ഥാപിക്കുന്നതെന്ന്. ഇതിനായിട്ട് യുദ്ധമൊന്നും ചെയ്യുന്നില്ല, ഇവിടെ ദേഹബോധത്തെ ഇല്ലാതാക്കണം. വീട്ടിലാണിരിക്കുന്നതെങ്കിലും നമ്മൾ ആത്മാവാണ് ദേഹമല്ല എന്നത് ഓർമ്മിക്കൂ. നിങ്ങൾ ആത്മാക്കൾ തന്നെയാണ് 84 ജന്മം എടുക്കുന്നത്. ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്. പഴയ ലോകം ഇല്ലാതാകണം. ഇതിനെയാണ് പുരുഷോത്തമ സംഗമയുഗമാകുന്ന അധിയുഗം എന്ന് പറയുന്നത്. കുടുമ ചെറുതല്ലേ. ബ്രാഹ്മണരുടെ കുടുമ വളരെ പ്രശസ്തമാണ്. എത്ര സഹജമായി ബാബ മനസ്സിലാക്കി തരുന്നു. രാജ്യപദവി നേടുവാൻ വേണ്ടി നിങ്ങൾ ഓരോ 5000 വർഷത്തിലും ബാബയിൽ നിന്നും പഠിക്കുന്നു. ലക്ഷ്യവും മുന്നിലുണ്ട് - ശിവബാബയിലൂടെ നമുക്ക് ഇങ്ങനെയായിത്തീരണം. അതെ കുട്ടികളേ, എന്തുകൊണ്ട് പറ്റില്ല? ദേഹാഭിമാനം ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ. എങ്കിൽ പാപങ്ങൾ സർവ്വതും ഇല്ലാതാകും. ഈ ജന്മം പവിത്രമാകുന്നതിലൂടെ നമ്മൾ 21 ജന്മം പുണ്യാത്മാവാകും എന്നത് നിങ്ങൾക്കറിയാം. പിന്നെ ഇറങ്ങാൻ തുടങ്ങുന്നു. 84 ന്റെ ചക്രം നമ്മുടേത് തന്നെയാണെന്നും നിങ്ങൾക്കറിയാം. ലോകത്തിലുള്ളവർ മുഴുവനും 84ൽ വരുന്നില്ല. 84ന്റെ ചക്രത്തിലുള്ളവരും ഈ ധർമ്മത്തിലുള്ളവരും തന്നെയാണ് വരുന്നത്. ബാബ തന്നെയാണ് സത്യയുഗവും ത്രേതായുഗവും സ്ഥാപിക്കുന്നത്, ഇപ്പോൾ അത് സ്ഥാപിച്ച് കൊണ്ടിരിക്കുകയാണ്. ദ്വാപരകലിയുഗം രാവണനാണ് സ്ഥാപിക്കുന്നത്. രാവണന്റെ ചിത്രവുമുണ്ടല്ലോ അല്ലേ. കഴുതയുടെ തലയാണ് മുകളിൽ. വികാരിയായ കഴുതയായി മാറുന്നു. നമ്മൾ എന്തായിരുന്നു എന്നത് നിങ്ങൾ മനസ്സിലാക്കുന്നുമുണ്ട്. ഇത് പാപാത്മാക്കളുടെ ലോകം തന്നെയാണ്. പാപാത്മാക്കളുടെ ലോകത്തിൽ കോടിക്കണക്കിന് മനുഷ്യരുണ്ട്. പുണ്യാത്മാക്കളുടെ ലോകത്തിൽ 9 ലക്ഷം മനുഷ്യരായിരിക്കും ആരംഭത്തിൽ ഉണ്ടാവുക. നിങ്ങൾ ഇപ്പോൾ മുഴുവൻ വിശ്വത്തിന്റെയും അധികാരിയാവുകയാണ്. ഈ ലക്ഷ്മീ നാരായണൻ വിശ്വത്തിന്റെ അധികാരിയായിരുന്നല്ലോ അല്ലേ. ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ ചക്രവർത്തീപദവി നല്കുന്നത്. ബാബ പറയുന്നു, ഞാൻ നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തി പദവി നല്കുവാൻ വന്നിരിക്കുകയാണ്. തീർച്ചയായും ഇപ്പോൾ പവിത്രമാകേണ്ടതുണ്ട്. മൃത്യു ലോകത്തിലെ ഈ അന്തിമ ജന്മം പവിത്രമാകൂ. ഈ പഴയ ലോകത്തിന്റെ വിനാശം മുന്നിൽ തയ്യാറായിക്കൊണ്ടിരിക്കുന്നു. വീട്ടിലിരുന്ന് തന്നെ സർവ്വതും നശിപ്പിച്ചുകളയുവാൻ പറ്റുന്ന തരത്തിലുള്ള ബോംബുകളും മറ്റും തയ്യാറാക്കികൊണ്ടിരിക്കുന്നു. വീട്ടിലിരുന്ന്

തന്നെ പഴയ ലോകത്തെ നശിപ്പിക്കും എന്ന് പറയുന്നുമുണ്ട്. ഈ ബോംബുകളും മറ്റും വീട്ടിലിരുന്ന് മുഴുവൻ ലോകത്തെയും നശിപ്പിക്കുന്ന രീതിയിൽ തൊടുത്തുവിടുന്നു. നിങ്ങൾ കുട്ടികൾ വീട്ടിലിരുന്ന് യോഗബലത്തിലൂടെ വിശ്വത്തിന്റെ അധികാരികളാകുന്നു. നിങ്ങൾ യോഗബലത്തിലൂടെ ശാന്തി സ്ഥാപിച്ച് കൊണ്ടിരിക്കുകയാണ്. അവർ സയൻസിന്റെ ബലത്തിലൂടെ ലോകത്തെ മുഴുവൻ നശിപ്പിക്കുന്നു. അവർ നിങ്ങളുടെ സേവകരാണ്. നിങ്ങളുടെ സേവനം ചെയ്തു കൊണ്ടിരിക്കുന്നു. പഴയ ലോകത്തെ ഇല്ലാതാക്കുന്നു. പ്രകൃതി ക്ഷോഭങ്ങളും മറ്റും നിങ്ങളുടെ സേവകരായി മാറുന്നു. പ്രകൃതി മുഴുവനും നിങ്ങളുടെ സേവകരാവുകയാണ്. നിങ്ങൾ ബാബയുമായി യോഗം വയ്ക്കുക മാത്രം ചെയ്യുന്നു. നിങ്ങൾ കുട്ടികളുടെയുള്ളിൽ എത്രമാത്രം സന്തോഷമുണ്ടാകണം. ഇത്രയും പ്രിയപ്പെട്ട ബാബയെ എത്രത്തോളം ഓർമ്മിക്കേണ്ടതുണ്ട്. ഈ ഭാരതം മുഴുവൻ ശിവാലയമായിരുന്നു. സത്യയുഗത്തിൽ സമ്പൂർണ്ണ നിർവ്വികാരികളാണ്, ഇവിടെ വികാരികളും. ഇപ്പോൾ നിങ്ങൾക്ക് സ്മൃതി വന്നുകഴിഞ്ഞു. ബാബ നമ്മളോട് പറഞ്ഞിട്ടുണ്ട്, ഹിയർ നോ ഈവിൾ......... മോശമായ കാര്യങ്ങൾ കേൾക്കരുത്, വായിലൂടെ പറയുകയുമരുത്. നിങ്ങൾ എത്രമാത്രം മോശമായി മാറി എന്നത് ബാബ മനസ്സിലാക്കി തരുന്നു. നിങ്ങളുടെ അടുക്കൽ അളവറ്റ ധനമുണ്ടായിരുന്നു. നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു. നിങ്ങൾ ഇപ്പോൾ സ്വർഗ്ഗത്തിനു പകരം നരകത്തിന്റെ അധികാരികളായിരിക്കുകയാണ്. ഇതും ഡ്രാമയിൽ നിശ്ചയിക്കപ്പെട്ടതാണ്. ഓരോ 5000 വർഷങ്ങൾക്ക് ശേഷവും ഞാൻ നിങ്ങൾ കുട്ടികളെ ഈ ഘോരമായ നരകത്തിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ട് പോകുന്നു. ആത്മീയ കുട്ടികളേ, നിങ്ങൾ എന്റെ വാക്കുകൾ അനുസരിക്കില്ലേ? നിങ്ങൾ പവിത്ര ലോകത്തിന്റെ അധികാരിയാകൂ എന്ന് പരമാത്മാവ് പറയുമ്പോൾ അങ്ങനെ ആയിത്തീരില്ലേ?

തീർച്ചയായും വിനാശം സംഭവിക്കും. ഈ യോഗബലത്തിലൂടെ തന്നെയാണ് നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകുന്നത്. ജന്മ ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാക്കുവാൻ സമയമെടുക്കുന്നു. കുട്ടികൾ തുടക്കം മുതൽ വന്നവരാണ് എന്നാൽ 10 ശതമാനം പോലും യോഗം ചെയ്യുന്നില്ല അതുകാരണം പാപവും നശിക്കുന്നില്ല. പുതിയ പുതിയ കുട്ടികൾ പെട്ടെന്ന് തന്നെ യോഗികളാകുന്നു, അപ്പോൾ പാപവും നശിക്കും. സേവനം ചെയ്യുവാനും തുടങ്ങുന്നു. ഇപ്പോൾ നമുക്ക് തിരികെ പോകണം എന്നത് നിങ്ങൾ കുട്ടികൾക്കറിയാം. ബാബ കൊണ്ട് പോകുവാൻ വേണ്ടി വന്നിരിക്കുകയാണ്. പാപാത്മാക്കൾക്ക് ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും പോകുവാൻ സാധിക്കില്ല. അവർ വസിക്കുന്നത് ദുഃഖധാമത്തിൽ തന്നെയാണ്. അതുകൊണ്ട് ബാബ പറയുന്നു, എന്നെ ഓർമ്മിക്കൂ അപ്പോൾ നിങ്ങളുടെ പാപം ഭസ്മമാകും. കുട്ടികളേ നിങ്ങൾ പുഷ്പങ്ങളായി മാറൂ. ദൈവീക കുലത്തിന് കളങ്കമുണ്ടാക്കരുത്. നിങ്ങൾ വികാരികളായത് കാരണം എത്രമാത്രം ദുഃഖിതരായിരിക്കുകയാണ്. ഇതും ഡ്രാമയിൽ ഉണ്ടാക്കപ്പെട്ടതാണ്. പവിത്രമായില്ലായെങ്കിൽ പവിത്രമായ സ്വർഗ്ഗത്തിൽ വരില്ല. ഭാരതം സ്വർഗ്ഗമായിരുന്നു, കൃഷ്ണപുരിയിലായിരുന്നു, ഇപ്പോൾ നരകവാസികളാണ്. നിങ്ങൾ കുട്ടികൾ സന്തോഷത്തോടെ വികാരങ്ങളെ ഉപേക്ഷിക്കണം. വിഷം കുടിക്കുന്നത് ഉടൻ ഉപേക്ഷിക്കണം. വിഷം കുടിച്ച് കുടിച്ച് നിങ്ങൾക്ക് വൈകുണ്ഠത്തിലേയ്ക്ക് പോകുവാൻ സാധിക്കില്ല. ഇപ്പോൾ ഇതുപോലെ ആയിത്തീരുവാൻ നിങ്ങൾക്ക് പവിത്രമാകണം. ഇവർ (ലക്ഷ്മീനാരായണൻ) എങ്ങനെയാണ് രാജ്യപദവി നേടിയത് എന്ന് നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കും. രാജയോഗത്തിലൂടെ. ഇത് പഠിപ്പല്ലേ. വക്കീലാകാനും ഡോക്ടറാകാനുമുള്ള പഠിപ്പുണ്ടല്ലോ. ഡോക്ടറാകുവാൻ പഠിക്കുന്നതിലൂടെ ഡോക്ടറാകും. ഇത് ഭഗവാന്റെ വാക്കുകളാണ്. എങ്ങനെയാണ് രഥത്തിൽ പ്രവേശിക്കുന്നത്? ബാബ പറയുന്നു വളരെ ജന്മങ്ങളുടെ അന്തിമത്തിൽ ഞാൻ ഇദ്ദേഹത്തിലൂടെ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം നല്കുന്നു. വിശ്വത്തിന്റെ അധികാരിയായിരുന്ന ഇദ്ദേഹം പവിത്രമായിരുന്നു. ഇപ്പോൾ പതിതനും ദരിദ്രനുമായി മാറി. വീണ്ടും ആദ്യത്തെ നമ്പറിൽ വരും .ഇദ്ദേഹത്തിൽ പ്രവേശിച്ചാണ് നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം നല്കുന്നത്. പരിധിയില്ലാത്ത അച്ഛൻ പറയുന്നു – കുട്ടികളേ പവിത്രമാകൂ. അപ്പോൾ നിങ്ങൾ സദാ സുഖികളായിരിക്കും. സത്യയുഗം അമരലോകവും ദ്വാപരകലിയുഗം മൃത്യുലോകവുമാണ്. എത്ര നല്ല രീതിയിലാണ് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നത്. ഇവിടെ ദേഹി അഭിമാനിയായിരിക്കുന്നു, പിന്നെ ദേഹബോധത്തിൽ വന്ന് മായയോട് തോൽക്കുന്നു. മായയുടെ ഒരു വെടിയുണ്ട ഏൽക്കുമ്പോൾ തന്നെ ഗട്ടറിൽ വീണ് പോകുന്നു. ബാബ പറയുന്നു ഇത് ഗട്ടറാണ്. ഇത് സുഖമൊന്നുമല്ല. സ്വർഗ്ഗം എന്ന് പറഞ്ഞാൽ എന്താണ്! ദേവതകളുടെ ജീവിതരീതിയും പെരുമാറ്റവും എങ്ങനെയുള്ളതാണ് എന്ന് നോക്കൂ. പേര് തന്നെ സ്വർഗ്ഗം എന്നാണ്. നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കുകയാണ് എന്നിട്ടും പറയുന്നത് നമ്മൾ വിഷം കുടിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ സ്വർഗ്ഗത്തിൽ വരുവാൻ സാധിക്കില്ല. ധാരാളം ശിക്ഷകളും അനുഭവിക്കും. നിങ്ങൾ കുട്ടികളുടേത് മായയുമായുള്ള യുദ്ധമാണ്. ദേഹാഭിമാനത്തിൽപ്പെട്ട് വളരെയധികം മോശമായ കർമ്മങ്ങൾ ചെയ്യുന്നു. ഞാൻ ചെയ്യുന്നത് ആര് കാണാനാണ് എന്ന് ചിന്തിക്കുന്നു. ക്രോധവും ലോഭവും ഗുപ്തമായിരിക്കില്ല. കാമവികാരം ഗുപ്തമായി ചെയ്യാൻ കഴിയും. മുഖം കറുപ്പിച്ച് കളയുന്നു. മുഖം കറുപ്പിച്ച് കറുപ്പിച്ച് നിങ്ങൾ

വെളുത്തവരിൽ നിന്നും കറുത്തവരായി മാറി. അങ്ങനെ ലോകം മുഴുവൻ നിങ്ങളെ പിന്തുടർന്നു. ഇങ്ങനെയുള്ള പതിത ലോകത്തെ തീർച്ചയായും മാറ്റേണ്ടതുണ്ട്. ബാബ ചോദിക്കുന്നു – നിങ്ങൾക്ക് ലജ്ജ തോന്നുന്നില്ലേ, ഒരു ജന്മം എങ്കിലും പവിത്രമായിരുന്നുകൂടേ.

ഭഗവാനുവാച – കാമം മഹാ ശത്രുവാണ്. നിങ്ങൾ സ്വർഗ്ഗവാസിയായിരുന്നപ്പോൾ വലിയ ധനവാന്മാരായിരുന്നു. പറയുകയേ വേണ്ട. കുട്ടികൾ പറയുന്നു – ബാബാ നമ്മുടെ നഗരിയിലേക്ക് പോകാം. മുള്ളുകളുടെ കാട്ടിൽ കുരങ്ങന്മാരെ കാണാൻ എന്തിനു പോകണം? ഡ്രാമയനുസരിച്ച് നിങ്ങൾ കുട്ടികൾക്ക് സേവനം ചെയ്യുക തന്നെ വേണം. മകൻ അച്ഛനെ പ്രത്യക്ഷപ്പെടുത്തും എന്ന് പറയാറുണ്ട്. കുട്ടികൾ തന്നെയാണ് പോയി സർവ്വരുടേയും മംഗളം ചെയ്യേണ്ടത്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് – നമ്മൾ യുദ്ധ മൈതാനത്തിലാണ്, ഇത് മറക്കരുത്. 5 വികാരങ്ങളുമായിട്ടാണ് നിങ്ങളുടെ യുദ്ധം. ഈ ജ്ഞാനമാർഗ്ഗം വളരെ വ്യത്യസ്തമായതാണ്. ബാബ പറയുന്നു–ഞാൻ നിങ്ങളെ 21 ജന്മത്തേയ്ക്ക് സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. പിന്നെ നിങ്ങളെ ആരാണ് നരകവാസിയാക്കുന്നത്? രാവണൻ. വ്യത്യാസം കാണുന്നുണ്ടല്ലോ അല്ലേ. ജന്മ ജന്മാന്തരം നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ ഗുരുക്കന്മാരുടെ അടുക്കൽ പോയിരുന്നു. എന്നാൽ ഒന്നും തന്നെ ലഭിച്ചില്ല. ബാബയെ സദ്ഗുരു എന്നാണ് പറയുന്നത്. സിക്കുകാരും സദ്ഗുരു അകാലമൂർത്ത് എന്ന് പറയുന്നുണ്ട്. ആ സദ്ഗുരുവിനെ ഒരിക്കലും കാലൻ വിഴുങ്ങുന്നില്ല. ആ സദ്ഗുരു കാലന്മാരുടേയും കാലനാണ്. ബാബ പറയുന്നു ഞാൻ നിങ്ങൾ സർവ്വ കുട്ടികളേയും രാവണന്റെ പിടിയിൽ നിന്നും മോചിപ്പിക്കുവാൻ വേണ്ടി വന്നിരിക്കുകയാണ്. സത്യയുഗത്തിൽ കാലൻ വരുന്നതേയില്ല. അതിനെ അമരലോകം എന്നാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ ശ്രീമതമനുസരിച്ച് അമരലോകത്തിന്റെ അധികാരികളായിക്കൊണ്ടിരിക്കുന്നു. നോക്കൂ, നിങ്ങളുടെ യുദ്ധം എങ്ങനെയുള്ളതാണെന്ന്. ലോകം മുഴുവൻ പരസ്പരം വഴക്കടിച്ച് കൊണ്ടിരിക്കുന്നു. നിങ്ങളുടേത് 5 വികാരങ്ങളാകുന്ന രാവണനുമായിട്ടുള്ള യുദ്ധമാണ്. രാവണനെ നിങ്ങൾ ജയിക്കുന്നു. ഇത് അന്തിമ ജന്മമാണ്.

ബാബ പറയുന്നു–ഞാൻ പാവപ്പെട്ടവരുടെ നാഥനാണ്. പാവപ്പെട്ടവരാണ് ഇവിടെ വരുന്നത്. സമ്പന്നരായിട്ടുള്ളവരുടെ ഭാഗ്യത്തിലേയില്ല. ധനത്തിന്റെ ലഹരിയിൽ അഹങ്കരിക്കുകയാണ്. ഇതെല്ലാം തന്നെ നശിക്കുവാൻ പോവുകയാണ്. ബാക്കി കുറച്ച് സമയമാണുള്ളത്. ഡ്രാമയുടെ പ്ലാനല്ലേ. ഇത്രയും ബോംബുകളും മറ്റും ഉണ്ടാക്കിവെച്ചിരിക്കുന്നത് തീർച്ചയായും ഉപയോഗിക്കും. മുൻപ് അസ്ത്രങ്ങളും വാളുകളും തോക്കുകളും മറ്റും ഉപയോഗിച്ചാണ് യുദ്ധം ചെയ്തിരുന്നത്. ഇപ്പോൾ വീട്ടിലിരുന്ന് കൊണ്ട് തന്നെ പ്രയോഗിക്കുവാൻ പറ്റുന്ന തരത്തിലുള്ള ബോംബുകളാണുള്ളത്. ഇതൊന്നും തന്നെ വെറുതെ സൂക്ഷിച്ചു വയ്ക്കുവാൻ വേണ്ടി ഉണ്ടാക്കിയിരിക്കുന്നതല്ല. എത്രകാലം സൂക്ഷിച്ചു വെയ്ക്കും? ബാബ വന്നിരിക്കുകയാണ് അപ്പോൾ വിനാശവും തീർച്ചയായും സംഭവിക്കും. ഡ്രാമയുടെ ചക്രം കറങ്ങികൊണ്ടിരിക്കുകയാണ്, തീർച്ചയായും നിങ്ങളുടെ രാജധാനി സ്ഥാപിക്കപ്പെടണം. ഈ ലക്ഷ്മീ നാരായണൻ ഒരിക്കലും യുദ്ധം ചെയ്യുന്നില്ല. അസുരന്മാരും ദേവതകളും തമ്മിൽ യുദ്ധം നടന്നതായി ശാസ്ത്രങ്ങളിൽ കാണിക്കുന്നുണ്ട്. എന്നാൽ ദേവതകൾ സത്യയുഗത്തിലും അസുരന്മാർ കലിയുഗത്തിലുമാണുള്ളത്. യുദ്ധം ചെയ്യുവാനായി രണ്ട് കൂട്ടരും എങ്ങനെ കണ്ടുമുട്ടും. നമ്മൾ 5 വികാരങ്ങളുമായിട്ടാണ് യുദ്ധം ചെയ്യുന്നത് എന്ന് ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ഇതിനെ ജയിച്ച് സമ്പൂർണ്ണ നിർവ്വികാരിയായി നിർവ്വികാരി ലോകത്തിന്റെ അധികാരിയായിത്തീരും. എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴുമെല്ലാം ബാബയെ ഓർമ്മിക്കണം. ദൈവീക ഗുണം ധാരണ ചെയ്യണം. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ചിലരുടെ ഭാഗ്യത്തിലേ ഉണ്ടാകില്ല. യോഗബലം വേണം എന്നാൽ മാത്രമേ വികർമ്മം നശിക്കുകയുള്ളൂ. സമ്പൂർണ്ണമായാൽ മാത്രമേ സമ്പൂർണ്ണ ലോകത്തിൽ വരാൻ സാധിക്കുകയുള്ളൂ. ബാബയും ശംഖധ്വനി മുഴക്കുകയാണ്. ഭക്തിയിൽ അവർ ശംഖും മറ്റും കാണിച്ചിരിക്കുന്നു. ബാബ ഈ വായ ഉപയോഗിച്ച് മനസ്സിലാക്കി തരികയാണ്. ഇത് രാജയോഗത്തിന്റെ പഠിപ്പാണ്. വളരെ സഹജമായ പഠിപ്പാണ്. ബാബയേയും രാജധാനിയേയും ഓർമ്മിക്കൂ. പരിധിയില്ലാത്ത അച്ഛനെ മനസ്സിലാക്കൂ, രാജ്യപദവി നേടൂ. ഈ ലോകത്തെ മറക്കൂ. നിങ്ങൾ പരിധിയില്ലാത്ത സന്യാസികളാണ്. പഴയ ലോകം മുഴുവൻ നശിക്കുവാൻ പോവുകയാണ് എന്ന് അറിയാം. ഈ ലക്ഷ്മീ നാരായണന്റെ രാജ്യത്തിൽ ഭാരതം മാത്രമാണുണ്ടായിരുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുളള മുഖ്യമായ സാരം -**

1) തന്റെ ദൈവീക കുലത്തിന് ഒരിക്കലും കളങ്കം വരുത്തരുത്. പുഷ്പങ്ങളായി മാറണം. അനേകാത്മാക്കളുടെ മംഗളത്തിനായി സേവനം ചെയ്ത് ബാബയെ പ്രത്യക്ഷമാക്കണം.

2) സമ്പൂർണ്ണ നിർവികാരിയാകുന്നതിനു വേണ്ടി മോശമായ കാര്യങ്ങൾ കേൾക്കുകയോ പറയുകയോ ചെയ്യരുത്. ഹിയർ നോ ഈവിൾ, ടോക്ക് നോ ഈവിൾ.....ദേഹാഭിമാനത്തിന് വശപ്പെട്ട് ഒരു മോശമായ കർമ്മവും ചെയ്യരുത്.

**വരദാനം:- മൻമനാഭവ മന്ത്രത്തിലൂടെ മനസ്സിന്റെ ബന്ധനത്തിൽ നിന്ന് മുക്തമാകുന്ന നിർബ്ബന്ധന, ട്രസ്റ്റിയായി ഭവിക്കട്ടെ.**

ഏതൊരു ബന്ധനവും കൂട് പോലെയാണ്. കൂട്ടിലെ മൈന ഇപ്പോൾ നിർബ്ബന്ധനമായ പറക്കുന്ന പക്ഷിയായി മാറി. അഥവാ ശരീരത്തിന് ഏതെങ്കിലും ബന്ധനമുണ്ടെങ്കിൽത്തന്നെ മനസ്സ് പറക്കുന്ന പക്ഷിയാണ്, എന്തുകൊണ്ടെന്നാൽ മൻമനാഭവ ആകുന്നതിലൂടെ മനസ്സിന്റെ ബന്ധനം വിട്ടുപോകുന്നു. കുടുംബം സംരക്ഷിക്കുന്നതിന്റെ പോലും ബന്ധനമില്ല. ട്രസ്റ്റിയായി സംരക്ഷിക്കുന്നവർ സദാ നിർബ്ബന്ധനരായിരിക്കുന്നു. ഗൃഹസ്ഥി അർത്ഥം ഭാരം, ഭാരമുള്ളവർക്ക് ഒരിക്കലും പറക്കാൻ സാധിക്കില്ല. എന്നാൽ ട്രസ്റ്റിയാണെങ്കിൽ നിർബ്ബന്ധനരായിരിക്കും മാത്രമല്ല പറക്കുന്ന കലയിൽ സെക്കന്റിൽ മധുരമായ വീട്ടിലെത്താൻ സാധിക്കുന്നു.

**സ്ലോഗൻ:- ദു:ഖത്തെ തന്റെ ദാസിയാക്കി മാറ്റൂ, അതിനെ മുഖത്ത് വരാൻ അനുവദിക്കരുത്.**